## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.512 30/06/2016 മറുപടിയ്ക്ക്

### പട്ടികവർഗ്ഗക്ഷേമത്തിനായുള്ള ബജറ്റ് തുകയുടെ പൂർണ്ണവിനിയോഗം ഉറപ്പുവരുത്താൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പാറക്കൽ അബ്ദുള്ള : | | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | പട്ടികവർഗ്ഗക്ഷേമത്തിനായുള്ള ബജറ്റ് തുകയിൽ നാമമാത്രമായ തുക മാത്രമേ ഓരോ വർഷവും സംസ്ഥാനത്ത് ചെലവഴിക്കുന്നുള്ളു എന്നകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. പട്ടികവർഗ്ഗ ഉപപദ്ധതിയിൽ പട്ടികവർഗ്ഗ ക്ഷേമത്തിനായി ബഡ്ജറ്റിൽ വകയിരുത്തുന്ന തുക ചുവടെ ചേർത്തിരിക്കുന്ന വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കാണ്.<br>• പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതി.<br>• തദ്ദേശ സ്വയം ഭരണ വകുപ്പ് (ടി.എസ്.പി വിഹിതം)<br>• പൊതുമരാമത്ത് വകുപ്പ് (കെട്ടിട നിർമ്മാണ പ്രവൃത്തികൾ)<br>• ഗ്രാമ വികസന വകുപ്പ് (ഐ.എ.വൈ/ എൻ. ആർ.എൽ.എം)<br>• കിർത്താഡ്സ് - (പരിശീലനം, ഗവേഷണം)<br>തദ്ദേശ സ്വയം ഭരണ വകുപ്പ് (ടി.എസ്.പി വിഹിതം)<br>• പൊതുമരാമത്ത് വകുപ്പ് (കെട്ടിട നിർമ്മാണ പ്രവൃത്തികൾ)<br>• ഗ്രാമ വികസനവകുപ്പ് (ഐ.എ.വൈ/ എൻ.ആർ.എൽ.എം) എന്നീ വകുപ്പുകൾക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിനായി അനുവദിക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നില്ല. |

| | | | |
|---|---|---|---|
| | | | എന്നാൽ സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ ആകെ ലഭിക്കുന്ന 65% ലധികം ഫണ്ട് പട്ടികവർഗ്ഗ വികസനവകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾക്ക് വകയിരുത്തുന്നു. അതിൽ 90 ശതമാന ത്തോളം ഫണ്ടും ചെലവഴിച്ചു വരുന്നു. |
| (ബി) | എങ്കിൽ ബജറ്റ് തുകയുടെ വിനിയോഗ ത്തിന് പലപ്പോഴും തടസ്സമാകുന്നത് എന്താണെന്നകാര്യം പരിശോധിക്കുമോ ; | (ബി) | നിർമ്മാണം ഉൾപ്പെടെയുള്ള പ്രവൃത്തികൾ ജില്ലാടിസ്ഥാനത്തിൽ ഊരുകൂട്ടത്തിൽ ചർച്ച ചെയ്ത് പദ്ധതി രൂപീകരണം, അംഗീകാരം സാങ്കേതിക അനുമതി എന്നീ നടപടി ക്രമങ്ങളിലെ കാലതാമസം മൂലം പദ്ധതി നിർവ്വഹണത്തിന് മതിയായ സമയം ലഭിക്കാതെ പോകുന്നു.<br><br>കൂടാതെ ദുർഘടമേഖല, കാലാവസ്ഥ വ്യതിയാനം, അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് എന്നിവ മൂലം പദ്ധതി അതാത് വർഷം പൂർണ്ണമായി പൂർത്തീകരിക്കുവാൻ സാധിക്കാത്തതിനാൽ ബഡ്ജറ്റ് തുക പൂർണ്ണമായി വിനിയോഗിക്കപ്പെടുന്നില്ല. |
| (സി) | എങ്കിൽ ബജറ്റ് തുകയുടെ പൂർണ്ണ വിനിയോഗം ഉറപ്പവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കു മെന്ന് വിശദമാക്കുമോ ? | (സി) | ബഡ്ജറ്റ് തുകയുടെ പൂർണ്ണ വിനിയോഗം ഉറപ്പ് വരുത്തുന്നതിനായി സർക്കാർ തലത്തിൽ വകുപ്പുതല അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്.<br><br>ജില്ലാതല ഉദ്യോഗസ്ഥർ എല്ലാ മാസവും 5-ാംതീയതിക്കകം മാസാന്ത്യപദ്ധതി പുരോഗതി വിവരം ഡയറക്ടറുടെ വിലയിരുത്തലിനായി ലഭ്യമാക്കുന്നുണ്ട്.<br><br>സർക്കാർ തലത്തിൽ വിവിധ വകുപ്പുകളെ ഏകോപിച്ച് വകുപ്പദ്ധ്യക്ഷൻമാരുടെ യോഗ ങ്ങളിൽ പദ്ധതി വിലയിരുത്തി തുകയുടെ പൂർണ്ണവിനിയോഗം ഉറപ്പു വരുത്തുന്നു.<br><br>ജില്ലാതലത്തിൽ ജില്ലാകളക്ടർമാർ ജില്ലാ വികസന സമിതിയിലും, ജില്ലാതല വർക്കിംഗ് ഗ്രൂപ്പിലും അവലോകനം നടത്തി പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കി പദ്ധതി പൂർത്തീകരിച്ച് വരുന്നു. വിവിധ അംഗീകൃത ഏജൻസികൾ വഴി നടപ്പിലാക്കുന്ന |

| | | | |
|---|---|---|---|
| | | | പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനായി വകുപ്പദ്ധ്യക്ഷന്റെ നേതൃത്വത്തിൽ പദ്ധതി പുരോഗതി വിലയിരുത്തുന്നു.<br><br>വകുപ്പുതല ജില്ലാതല ഓഫീസർമാരുടെ യോഗം ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തി പദ്ധതിയുടെ പൂർണ്ണ വിനിയോഗം ഉറപ്പു വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>പദ്ധതി നടത്തിപ്പ് ഏകോപിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റിൽ ഒരു പ്ലാനിംഗ് & മോണിറ്ററിംഗ് സെൽ പ്രവർത്തിക്കുന്നു |

Nancy P.S.
സെക്ഷൻ ഓഫീസർ